# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1992 — 18-06-2013-ൽ മറുപടിക്ക്

### ലാഭപ്രഭ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ലാഭപ്രഭ പദ്ധതി പ്രതീക്ഷിച്ച നേട്ടം കൈവരിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ കാരണമെന്ത് | (എ) ഉണ്ട് |

2013 മാർച്ച് അവസാനം മുതൽ മെയ് 31 വരെയുള്ള കാലത്ത് പ്രതീക്ഷിച്ചിരുന്നതിനെക്കാൾ പൊതുവെ ഉപഭോഗം കുറഞ്ഞത് ലാഭപ്രഭ, നോ ലോഡ്ഷെഡ്ഡിംഗ് എന്നീ പദ്ധതികളുടെ കൂടി ഫലമായിട്ടാണ്.

മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.1 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. എന്നാൽ ഏപ്രിൽ മാസത്തിലെ കനത്ത വരൾച്ചയും ഉഷ്ണകാലാവസ്ഥയും മൂലം 56.5 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 59.5 ദശലക്ഷം യൂണിറ്റായിരുന്നു പ്രതിദിന ഉപഭോഗം. ലാഭപ്രഭയ്ക്ക് ഉപഭോക്താക്കളിൽ നിന്നും നല്ല പ്രതികരണം ലഭിച്ചതിന്റെ തെളിവാണിത്. ലാഭപ്രഭയും നോ ലോഡ് ഷെഡ്ഡിംഗ് കാമ്പയിനും നടന്ന ഏപ്രിൽ മെയ് മാസങ്ങളിൽ കേരളത്തിലെ പ്രതിദിന ഉപഭോഗത്തെ പലപ്പോഴും 60 ദശലക്ഷം യൂണിറ്റിൽ പിടിച്ചു നിർത്താനായതും നേട്ടം തന്നെയാണ്. ലാഭപ്രഭ പദ്ധതിയിൽ രണ്ട് മാസക്കാലയളവിൽ സംസ്ഥാനത്തെ എല്ലാ

ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നുമായി 1.37 ലക്ഷം ഗാർഹിക ഉപഭോക്താക്കൾ മെസ്സേജ് അയച്ച് പദ്ധതിയിൽ ചേർന്നു ഊർജ്ജസംരക്ഷണ സന്ദേശം വ്യാപകമായി ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞു എന്നതിന് ഇത് തെളിവാണ്. പതിവ് ഊർജ്ജ സംരക്ഷണ പരിപാടി എന്ന തലത്തിൽ നിന്നും ഉയർന്ന് ഒരു വൈദ്യുതി ഉപഭോഗം സാക്ഷരതാ പരിപാടിയായി മാറാൻ ലാഭപ്രഭയ്ക്ക് സാധിച്ച എന്നത് പദ്ധതിയുടെ നേട്ടമാണ്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ വൈദ്യുതി ഉപയോഗം എത്രശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ; | (ബി) | ലാഭപ്രഭയിൽ ചേർന്നവർ എത്ര യൂണിറ്റ് മൊത്തം ലാഭിച്ച എന്നതിന്റെ കണക്ക് ഔദ്യോഗികമായി ബില്ലിംഗിലൂടെ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.1 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. എന്നാൽ ഏപ്രിൽ മാസത്തിലെ കനത്ത വരൾച്ചയും ഉഷ്ണകാലാവസ്ഥയും മൂലം 56.5 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 59.5 ദശലക്ഷം യൂണിറ്റായിരുന്നു പ്രതിദിന ഉപഭോഗം. ഇതിന്റെ അന്തിമ വിലയിരുത്തൽ കഴിഞ്ഞിട്ടില്ല. |
| (സി) | ലാഭപ്രഭ പദ്ധതി പ്രകാരം ഉപഹാരം സമർപ്പണത്തിന് ഇതുവരെ എത്ര തുക ചെല വഴിച്ചുവെന്ന് വ്യക്തമാക്കാമോ? | സി) | ഉപഹാര സമർപ്പണത്തിന് ബോർഡ് ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ